ധ.ഉ.(സാധാ) നം.280/2023/LSGD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രൊവിഷണൽ സെക്രട്ടറിമാരുടെ അടിസ്ഥാന ശമ്പളം - ശമ്പള സ്കെയിൽ സംബന്ധിച്ച സ്പഷ്ടീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.280/2023/LSGD തീയതി,തിരുവനന്തപുരം, 31-01-2023

പരാമർശം:-

1. 29.08.2022 തീയതിയിലെ സ.ഉ(സാധാ)നം.2111/2022/തസ്വഭവ .
2. ഡയറക്ടർ (അർബൻ) ന്റെ 10.10.2022 ലെ ഡി.യു.എ/6231/2022-ഇ2 നമ്പർ കത്ത്.
3. 08.11.2022 തീയതിയിലെ സ.ഉ(സാധാ)നം.2729/2022/തസ്വഭവ .
4. 23.12.2022 തീയതിയിലെ സ.ഉ(സാധാ)നം.3177/2022/തസ്വഭവ .

ഉത്തരവ്

വിവിധ നഗരസഭകളിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ പ്രൊവിഷണൽ സെക്രട്ടറിമാരെ പരാമർശം (1) പ്രകാരം നിയമിച്ച് ഉത്തരവായതിൽ ശമ്പള സ്കെയിൽ/ അടിസ്ഥാന ശമ്പളം എന്നിവ സൂചിപ്പിച്ചിട്ടില്ലാത്തതു മൂലം ടി ജീവനക്കാർക്ക് പെൻനമ്പർ അനുവദിക്കുന്നതിൽ ബുദ്ധിമുട്ട് വന്നിട്ടുണ്ടെന്നും ആയതിനാൽ പ്രൊവിഷണൽ സെക്രട്ടറിമാരുടെ ശമ്പള സ്കെയിൽ, അടിസ്ഥാന ശമ്പളം എന്നിവ സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാക്കണമെന്നും എൽ.എസ്.ജി.ഡി (അർബൻ) ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭകളിലെയും നഗരകാര്യ വകുപ്പിലെയും യോഗ്യതയുള്ള ജീവനക്കാർക്ക് മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിൽ പ്രൊവിഷണലായി നിയമനം നൽകുമ്പോൾ കെ.എസ്.&എസ്.എസ്.ആർ ചട്ടം 9(a)(v)-ന് കീഴിലെ പ്രൊവിസോ പ്രകാരമുള്ള ശമ്പളത്തിന് അർഹരാണ്. അതനുസരിച്ച് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിൽ പരാമർശം (1), (3),(4) എന്നിവ പ്രകാരം താല്കാലിക നിയമനം ലഭിച്ചവർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ടി തസ്തികയ്ക്ക് അനുവദിച്ചിട്ടുള്ള 55200-115300 എന്ന ശമ്പള സ്കെയിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്

ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ), തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള,തൃശ്ശൂർ .

സ.ഉ.(സാധാ) നം.280/2023/LSGD

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്(ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ) മുഖേന).

എക്സ്ക്ലി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 01-02-2023 10:31:48

സെക്ഷൻ ഓഫീസർ